(സി) ഇത് കേന്ദ്രസർക്കാരിന്റെ സ്കീമാണ്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ ആണ് തീരുമാനമെടുക്കേണ്ടത്.

കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള റിബേറ്റ്

81 (598) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് കൈത്തറി തുണിത്തരങ്ങൾക്ക് 20% വില കുറച്ച് വിൽപ്പന നടത്തിയ വിവിധ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് കൊടുത്തു തീർക്കുവാനുള്ള റിബേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ പ്രാഥമിക സഹകരണ സംഘങ്ങൾ, വ്യവസായ സഹകരണ സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്ക് നൽകാനുള്ള തുക എത്ര വീതമെന്ന് വിശദമാക്കുമോ ;

(സി) ഈ റിബേറ്റ് തുക കൊടുത്തു തീർക്കാതിരിക്കുവാനുള്ള കാരണമെന്താണ് ;

(ഡി) ക്ലെയിം ചെയ്ത റിബേറ്റ് തുക നിരസിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(ഇ) പ്രസ്തുത കുടിശ്ശിക തുക എന്നത്തേക്ക് കൊടുത്തു തീർക്കാനാവും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1,42,14,445 രൂപ

(ബി) വ്യവസായ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് 1,42,14,445 രൂപയും ഹാന്റെക്സിന് 2,49,12,665 രൂപയും ഹാൻവീവിന് 2,84,93,235 രൂപയും കൊടുക്കുവാനുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ചാണ് റിബേറ്റ് തുക നല്കി വരുന്നത്.

(ഡി) റിബേറ്റ് അനുവദിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിക്കാതിരിക്കുമ്പോഴാണ് റിബേറ്റ് തുക നിരസിക്കുന്നത്.

(ഇ) ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി റിബേറ്റ് കുടിശ്ശിക നല്കി കൊണ്ടിരിക്കുകയാണ്.

എം.സി.എ. ഇനത്തിൽ അനുവദിച്ച തുക

82 (599) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-97, 1997-98 എന്നീ വർഷങ്ങളിൽ കൈത്തറി സഹകരണ സംഘങ്ങൾക്കായി എം.സി.എ. ഇനത്തിൽ എന്തു തുക കേന്ദ്രസർക്കാർ അനുവദിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ എന്തു തുക കൈത്തറി സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്തു ;

(സി) കേന്ദ്ര ഗവൺമെന്റിൽ നിന്നും അനുവദിച്ച തുക മുഴുവൻ വിതരണം ചെയ്യാതിരിക്കുവാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ)	വർഷം		തുക
	1996-97	-	2,66,85,703 രൂപ
	1997-98	-	52,59,913 രൂപ

(ബി) കേന്ദ്രസർക്കാർ അനുവദിച്ച മുഴുവൻ തുകയും വിതരണം ചെയ്തു.

(സി) ചോദ്യം ഉദിക്കുന്നില്ല.

കായംകുളം സഹകരണ സ്പിന്നിംഗ് മില്ലിന്റെ വികസനം

83(603) ശ്രീ. ജി. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം സഹകരണ സ്പിന്നിംഗ് മില്ലിന്റെ 2-ാം ഘട്ട വികസനത്തിനുള്ള പ്രോജക്ട് റിപ്പോർട്ട് പ്രകാരം അടങ്കൽ തുക എത്രയാണ് ;

(ബി) ഈ തുക എങ്ങനെ സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇതിൽ എത്ര തുക ഇതിനകം മില്ലിനു ലഭ്യമായി ;

(ഡി) ഈ തുക ലഭിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ഇ) ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച് സാമാന്യം നല്ല നിലയിൽ നടന്നു വരുന്ന കായംകുളം മില്ലിന്റെ രണ്ടാംഘട്ടമായി 6000 സ്പിൻഡിൽ കൂടി കൂട്ടിച്ചേർത്ത് വികസിപ്പിക്കുവാൻ കാലതാമസം വന്നത് എന്തു കൊണ്ടാണെന്ന് വ്യക്തമാക്കാമോ ;

(എഫ്) പ്രവർത്തന ലാഭം കൈവരിച്ചിട്ടും വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥൻമാർ ആവശ്യമായ സഹായങ്ങൾ സമയത്ത് നൽകിയിട്ടില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) 928 ലക്ഷം രൂപ

(ബി) 352 ലക്ഷം രൂപ സർക്കാർ ഓഹരിയായും 576 ലക്ഷം എൻ.സി.ഡി.സി. മുഖേനയുള്ള വായ്പയായും സമാഹരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(സി) ഒന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly